ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പൈപ്പ് ലൈനുകൾ അറ്റകുറ്റപ്പണി ചെയ്ത് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി) രാമങ്കരി ടാങ്കിലേക്കുള്ള കൺവെയൻസ് മെയ്നിൽനിന്നും നേരിട്ട് വിതരണ ശൃംഖലയിലേക്ക് കണക്ഷൻ നൽകിയിരിക്കുന്നതിനാൽ രാമങ്കരി ടാങ്കിൽ വെള്ളം കയറ്റാറില്ല. എന്നാൽ ടി ടാങ്കിലേക്കുള്ള കൺവെയൻസ് മെയ്നിൽനിന്നും രാമങ്കരി ഭാഗത്തുള്ള വിതരണ ശൃംഖലയിൽ നേരിട്ട് വെള്ളം എത്തുന്നതുകൊണ്ട് ടി ഭാഗത്തെ ജലവിതരണം തടസ്സപ്പെടുന്നില്ല. പുളിങ്കുന്ന്, കാവാലം പഞ്ചായത്തുകളിൽ ജലം ലഭ്യമാകുന്നത് രാമങ്കരി ഒ.എച്ച്. ടാങ്കിൽ നിന്നുമല്ല, പള്ളിക്കൂട്ടുമ്മ ടാങ്കിൽ നിന്നുമാണ്. പ്രസ്തുത ടാങ്കിൽ ജലലഭ്യത കുറവായതിനാൽ ടി പ്രദേശങ്ങളിൽ ജലവിതരണം തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചോർച്ചകൾ കണ്ടെത്തി ജലലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നീരേറ്റുപുറം പ്ലാന്റിൽ നിന്നുള്ള പമ്പിംഗ് മെയിൻ വർക്ക് നടക്കുന്നതിനാൽ രാമങ്കരി ഒ.എച്ച്. ടാങ്കിലേക്ക് വെള്ളം കയറ്റിയിട്ടില്ല. പ്രസ്തുത ജോലി പൂർത്തീകരണമാകുന്ന മുറയ്ക്ക് ഒ.എച്ച്. ടാങ്ക് പ്രവർത്തനക്ഷമമാകുന്നതാണ്.

കടലാക്രമണം തടയുന്നതിന് പുലിമുട്ടുകൾ ഇടാനുള്ള പദ്ധതി

217 (906) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കടലാക്രമണം തടയുന്നതിന് പുലിമുട്ടുകൾ ഇടാനുള്ള ബൃഹത്തായ പദ്ധതി നടപ്പാക്കുന്നതാണെന്ന് 2011-12-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് നടപ്പിലാക്കിയോ; നടപ്പിലാക്കിയതിന്റെ വിശദാംശം നൽകുമോ;

(ബി) എത്ര തുക സംസ്ഥാന ഖജനാവിൽനിന്നും ചെലവായെന്ന് വ്യക്തമാക്കുമോ;

(സി) 2012-13, 2013-14, 2014-15, 2015-16 വർഷങ്ങളിലായി സംസ്ഥാന ബഡ്ജറ്റുകളിൽ കടലാക്രമണത്തിന്റെ പ്രതിരോധ നടപടികൾക്കായി എത്ര തുക വീതം വകയിരുത്തിയെന്നും അതിനായി സംസ്ഥാന ഖജനാവിൽനിന്നും എത്ര തുക ചെലവഴിച്ചുവെന്നും വർഷാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നടപ്പിലാക്കി. തിരുവനന്തപുരം ജില്ലയിൽ കടലാക്രമണം തടയുന്നത് 2011-12 കാലയളവിൽ പ്രഖ്യാപിച്ച പദ്ധതിയിൽ ഉൾപ്പെടുത്തി ജി.ഒ. (ആർ‌ടി.) നമ്പർ 515/14/ജ.വി.വ. തീയതി 21-5-2014 പ്രകാരം 1670 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ചെന്നൈ ഐ.ഐ.ടി.-യുടെ പഠന റിപ്പോർട്ടിൻ പ്രകാരം ബാത്തിമെട്രി സർവ്വേ നടത്തി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം ജില്ലയിൽ കടലാക്രമണം തടയുന്നതിന് നാല് പുലിമുട്ടുകൾ ഇടാനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ഇരവിപുരം നിയോജക മണ്ഡലത്തിൽ താന്നിയിൽ സെന്റ് മൈക്കിൾ ചർച്ചിനടുത്തായി ചെയിനേജ് 6.800 കി.മീറ്ററിനും 7.600 കി.മീറ്ററിനുമിടയിൽ ഗ്രോയിൻസ് നിർമ്മാണം അടങ്കൽ തുക ₹ 4,92,07,518

2. ഇരവിപുരം നിയോജക മണ്ഡലത്തിൽ താന്നിയിൽ ചെയിനേജ് 7.700 കി.മീറ്ററിനും 8.300 കി.മീറ്ററിനുമിടയിൽ ഗ്രോയിൻസ് നിർമ്മാണം.

   അടങ്കൽ തുക ₹ 4,75,95,508

3. ഇരവിപുരം നിയോജക മണ്ഡലത്തിൽ ഗാർഫിൻ നഗറിൽ കളത്തിപ്പാടത്തിനടുത്തായി ചെയിനേജ് 9.00 കി.മീറ്ററിനും 10.00 കി.മീറ്ററിനുമിടയിൽ ഗ്രോയിൻസ് നിർമ്മാണം.

   അടങ്കൽ തുക ₹ 5,50,13,364

4. ഇരവിപുരം നിയോജക മണ്ഡലത്തിൽ കാക്കത്തോപ്പിനടുത്തായി ചെയിനേജ് 10.450 കി. മീറ്ററിനും 11.050 കി.മീറ്ററിനുമിടയിൽ ഗ്രോയിൻസ് നിർമ്മാണം.

   അടങ്കൽ തുക ₹ 5,31,35,854

ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. നബാർഡ് ഫണ്ട് - തുക്കുന്നപ്പുഴ പഞ്ചായത്തിലെ പള്ളിപ്പാട്ട മുറിയിൽ ആറ് പുലിമുട്ടുകളുടെ നിർമ്മാണം - 392 ലക്ഷം.

2. നബാർഡ് ഫണ്ട് - തുക്കുന്നപ്പുഴ പഞ്ചായത്തിലെ തുക്കുന്നപ്പുഴ ജംഗ്ഷന് പടിഞ്ഞാറ് ആറ് പുലിമുട്ടുകളുടെ നിർമ്മാണം - 420 ലക്ഷം.

3. നബാർഡ് ഫണ്ട് - പുറക്കാടി പഞ്ചായത്തിൽ പുറക്കാടിന് തെക്ക് നാല് പുലിമുട്ടുകളുടെ നിർമ്മാണം - 275 ലക്ഷം.

4. നബാർഡ് ഫണ്ട് - പുറക്കാടി പഞ്ചായത്തിൽ ഏഴ് പുലിമുട്ടുകളുടെ നിർമ്മാണം - 340 ലക്ഷം.

5. സംസ്ഥാന ഫണ്ട് - പുറക്കാട് പഞ്ചായത്തിലെ പുന്തലയിൽ അഞ്ച് പുലിമുട്ടുകളുടെ നിർമ്മാണം - 296 ലക്ഷം.

6. സംസ്ഥാന ഫണ്ട് - ആറാട്ടുപുഴ പഞ്ചായത്തിലെ വലിയഴീക്കലിൽ അഞ്ച് പുലിമുട്ടുകളുടെ നിർമ്മാണം -238 ലക്ഷം.

7. സംസ്ഥാന ഫണ്ട് - ആറാട്ടുപുഴ പഞ്ചായത്തിലെ പെരുമ്പള്ളിയൽ നാല് പുലിമുട്ടുകളുടെ നിർമ്മാണം.

<u>ആലപ്പുഴ ജില്ലയിൽ നിർമ്മാണത്തിലിരിക്കുന്ന പുലിമുട്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:</u>

1. ആറാട്ടുപുഴ പഞ്ചായത്തിൽ ആറ് പുലിമുട്ടുകളുടെ നിർമ്മാണം (600 മീറ്റർ തീരസംരക്ഷണം) (ചെയിനേജ് 55.200-55.800) നബാർഡ് ഫണ്ട് 4.15 കോടി രൂപ.

2. ആറാട്ടുപുഴ പഞ്ചായത്തിൽ ആറാട്ടുപുഴയിൽ ആറ് പുലിമുട്ടുകളുടെ നിർമ്മാണം (600 മീറ്റർ തീരസംരക്ഷണം) (ചെയിനേജ് 56.000-56.600) നബാർഡ് ഫണ്ട് 4.15 കോടി രൂപ.

3. മാരാരിക്കുളം തെക്ക് പഞ്ചായത്തിലെ ചെട്ടിക്കാട് ഏഴ് പുലിമുട്ടുകളുടെ നിർമ്മാണം. നബാർഡ് ഫണ്ട് 5.7 കോടി രൂപ.

4. മാരാരിക്കുളം തെക്ക് പഞ്ചായത്തിലെ ഓമനപ്പുഴയിൽ ഏഴ് പുലിമുട്ടുകളുടെ നിർമ്മാണം. നബാർഡ് ഫണ്ട് 5.7 കോടി രൂപ.

5. മാരാരിക്കുളം വടക്ക് പഞ്ചായത്തിലെ ചേന്നവേലിയിൽ ഒൻപത് പുലിമുട്ടുകളുടെ നിർമ്മാണം 5.7 കോടി രൂപ (നബാർഡ് ഫണ്ട്) + 1.98 കോടി രൂപ (സംസ്ഥാന ഫണ്ട്).

LIBRARY ARCHIVES Kerala Legislative Assembly

6. ചേർത്തല തെക്ക് പഞ്ചായത്തിലെ ആയിരം തൈയ്യിൽ ഒൻപത് പുലിമുട്ടുകളുടെ നിർമ്മാണം 5.7 കോടി രൂപ (നബാർഡ് ഫണ്ട്), 2.03 കോടി രൂപ (സംസ്ഥാന ഫണ്ട്).

(ബി) തിരുവനന്തപുരം ജില്ലയിൽ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് 8.99 ലക്ഷം രൂപ ചെലവായിട്ടുണ്ട്. കൊല്ലം ജില്ലയിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. ഒന്നുംതന്നെ ചെലവായിട്ടില്ല.

ആലപ്പുഴ ജില്ലയിൽ

2013-14	-	₹ 5,10,13,590
2014-15	-	₹ 6,07,65,661
2015-16	-	₹ 17,19,76,315
ആകെ	-	₹ 28,37,55,566

(സി) കടലാക്രമണ പ്രതിരോധ നടപടികൾക്കായി ബഡ്ജറ്റിൽ

വകയിരുത്തിയത്		ചെലവഴിച്ചത്
2012-13	35 ലക്ഷം	30.71 ലക്ഷം
2013-14	35 ലക്ഷം	328.70 ലക്ഷം
2014-15	35 ലക്ഷം	1683.88 ലക്ഷം
2015-16	35 ലക്ഷം	242.43 ലക്ഷം (9/15 വരെ)

കാരിച്ചാൽ കടവ് റഗുലേറ്റർ-കം-ബ്രിഡ്ജ്

218 (907) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ കനാലുകളും സെക്ഷനുകീഴിൽ വരുന്ന കാട്ടുകാമ്പാൽ പഞ്ചായത്തിലെ കാരിച്ചാൽ കടവ് റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിന് എന്തു നടപടിയാണ് ഇറിഗേഷൻ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ ഐ.ഡി.ആർ.ബി.-യിൽനിന്നും ലഭ്യമായിട്ടുണ്ടോ; എങ്കിൽ അത് ലഭ്യമാകുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly